80 (1298) ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് അനുവദിക്കുന്നതിന് നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം ഗവൺമെന്റ് ഹൈസ്കൂളിൽ എന്നാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ അനുവദിച്ചത്;

(ബി) ഏതെല്ലാം കോഴ്സുകളാണ് അനുവദിച്ചു നൽകിയത്;

(സി) ഈ സ്കൂളിൽ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് അനുവദിക്കുന്നതിനുവേണ്ടി സ്കൂൾ പിടി.എ.യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) കരകുളം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ അടുത്ത അദ്ധ്യയനവർഷം ലൈവ് സ്റ്റോക്ക് മാനേജ്മെന്റിലും അഗ്രികൾച്ചറിലും പുതിയ കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1990-91 വർഷത്തിലാണ് കരകുളം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ വി.എച്ച്.എസ്.ഇ. ക്ലാസ്സുകൾ അനുവദിച്ചത്.

(ബി) മെയിന്റനൻസ് ആന്റ് റിപ്പയർ ഓഫ് റേഡിയോ ആന്റ് ടെലിവിഷൻ കോഴ്സിന്റെ 2 ബാച്ചുകൾ.

(സി) ഉണ്ട്.

(ഡി) ഈ വർഷം പുതിയ കോഴ്സുകളൊന്നും അനുവദിക്കാത്തതിനാൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ഇ) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

81 (1299) സസ്പെന്റ് ചെയ്യപ്പെട്ട വിദ്യാർത്ഥികൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കോളേജുകളിൽനിന്നും വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്യുകയോ പിരിച്ചയയ്ക്കുകയോ ചെയ്തിട്ടുണ്ട്;

(ബി) ഓരോ കോളേജിൽനിന്നും എത്രപേരെ വീതം സസ്പെന്റ് ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ ചെയ്തിട്ടുണ്ട്;

(സി) അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ സസ്പെൻഷനെയോ പിരിച്ചയയ്ക്കലിനേയോ തുടർന്ന് ഏതെല്ലാം കോളേജുകളിൽ വിദ്യാർത്ഥിസമരം ഉണ്ടാവുകയും വസ്തുവകകൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)മുതൽ&(ഡി)വരെ വിവരം ശേഖരിച്ചുവരുന്നു.

82 (1300) പി.ടി.എ. ഫണ്ട്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ പ്രീ-ഡിഗ്രി, ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളിൽനിന്നും പി.ടി.എ. ഫണ്ടിലേയ്ക്ക് തുക വാങ്ങുവാൻ ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വിദ്യാർത്ഥിയിൽനിന്നും പരമാവധി എന്തു തുക വീതം ഓരോ വർഷവും വാങ്ങാമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈയിനത്തിൽ തുക പിരിച്ചെടുത്ത ശേഷം അത് പി.ടി.എ. അക്കൗണ്ടിൽ നിക്ഷേപിക്കാത്തപക്ഷം ബന്ധപ്പെട്ടവരുടെ മേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(ഡി) നങ്ങ്യാർകുളങ്ങര ടി.കെ. മാധവൻ മെമ്മോറിയൽ കോളേജിൽ 1997-98 വർഷത്തിൽ ഈയിനത്തിൽ എന്തു തുക പിരിച്ചെടുത്തു; ഇതിൽ എന്തു തുക പി.ടി.എ. അക്കൗണ്ടിൽ നിക്ഷേപിച്ചു;

(ഇ) ഈ കോളേജിലെ പി.ടി.എ.ക്ക് രണ്ട് അക്കൗണ്ട് ബുക്കുകളുണ്ടോ;

(എഫ്) 1997-98-ൽ ഈയിനത്തിൽ പിരിച്ച തുക ബാങ്ക് നിക്ഷേപത്തിൽ വന്നിട്ടില്ലെന്ന് 1998-99-ലെ പി.ടി.എ. കണക്ക് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടോ; എങ്കിൽ ഈ തുക അക്കൗണ്ടിൽ ചേർക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുമോ;

(ജി) ഈ തുക ഈടാക്കി പി.ടി.എ. ഫണ്ടിൽ ചേർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതിനെ സംബന്ധിച്ച് ക്ലിപ്തമായ തുകകളൊന്നും സർക്കാർ നിശ്ചയിച്ചിട്ടില്ല.

(സി) പരാതി ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി, പരാതിയുടെ നിജാവസ്ഥ മനസ്സിലാക്കി നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പലിന് നിർദ്ദേശം നൽകാറുണ്ട്;

(ഡി)(ഇ)&(എഫ്) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(ജി) അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly